കൂട്ടുകൃഷി

*704 [767] ശ്രീ. സിറിയക് ജോൺ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. പി. നൂറുദ്ദീൻ:

,, കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാമാണ് കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത്; ഏത് വർഷത്തിൽ;

(ബി) ഇതിൽ ഏതെങ്കിലും കൂട്ടുകൃഷിത്തോട്ടം പൂട്ടിയിട്ടുണ്ടോ;

(സി) കൂട്ടുകൃഷി ഏർപ്പെടുത്തുവാൻ എന്തു സംഖ്യ ചെലവായി?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) എറണാകുളം ജില്ലയിൽ ഇല്ലിത്തോട്ടിലും, കോഴിക്കോട് ജില്ലയിൽ കൂത്താളിയിലും, ഇല്ലിത്തോട്ടിൽ 1972-ലും കൂത്താളിയിൽ 1974-ലും ആരംഭിച്ചു.

(ബി) ഇല്ല.

(സി) ഇല്ലിത്തോട്ടിൽ 23,79,107 രൂപയും കൂത്താളിയിൽ 23,27,495 രൂപയും ചെലവായി.

ശ്രീ. പി. സിറിയക് ജോൺ: കൂട്ടുകൃഷി ഫാമിന്റെ സഹായം കിട്ടിയിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് ഇന്ന് യാതൊരു തരത്തിലും ജീവിക്കാൻ നിർവ്വാഹമില്ലാത്ത പരിതഃസ്ഥിതിയുണ്ടെന്നുള്ളത് കണക്കിലെടുത്ത് ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അവർക്ക് ഇപ്പോഴും കുറേശ്ശെയായിട്ട് ഗവൺമെന്റിൽനിന്ന് സഹായം കൊടുക്കാൻ ഉദ്ദേശമുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കൂത്താളി കൂട്ടുകൃഷി ഫാമിൽ യാതൊരു കൃഷിയും നടത്തുന്നില്ലെന്ന് അറിയുന്നു. അത് ശരിയാണോ?

ശ്രീ. എ. എൽ. ജേക്കബ്: അവിടെ കൃഷി നടക്കുന്നുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഇല്ലിത്തോട് കൂട്ടുകൃഷി കേന്ദ്രം പൂട്ടിയിട്ട് അവിടത്തെ ആളുകളെ സ്ഥലംവിട്ടതായി പത്രവാർത്തയുണ്ട്. അത് ശരിയാണോ?

ശ്രീ. എ. എൽ. ജേക്കബ്: അത് ശരിയല്ല. 252 പേർ അവിടെയുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: അവിടെ താമസിക്കുന്ന ആളുകൾക്ക് പ്രാഥമികമായ ജീവിത സൗകര്യങ്ങൾ ഇല്ലെന്നുള്ള വസ്തുത പരിഗണിച്ച് അവർക്ക് ജീവിത സൗകര്യങ്ങളും, വിദ്യാഭ്യാസസൗകര്യങ്ങളും, ഉണ്ടാക്കിക്കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കൂട്ടുകൃഷിസമ്പ്രദായംതന്നെ അവസാനിക്കാൻ പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: 1974-ൽ 4 കൂട്ടുകൃഷി ഫാം തുടങ്ങുമെന്നും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ടായിരുന്നു. എന്തുകൊണ്ടാണ് അഞ്ചു കൊല്ലമായിട്ടും തുടങ്ങാത്തത്; പരീക്ഷണം കൊണ്ട് പരാജയമാണോ ഉണ്ടായത്; അത് ഇനി തുടങ്ങാനുള്ള വല്ല പരിപാടിയുമുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: പരീക്ഷണംകൊണ്ട് പരാജയമാണ്. അതുകൊണ്ട് തുടങ്ങുന്നില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

கிளினிக்கல் சைகாலஜி டிப்ளமா

(Diploma in Clinical Psychology)

*705 [760] ஸ்ரீ. என். கிட்டப்பநாராயணஸ்வாமி: கீழ் காணும் விஷயங்களுக்கு சுகாதார மந்திரி தயைகூர்ந்து விடை நல்குவாரா:

(எ) திருவனந்தபுரம், ஆலப்புழை (மெடிக்கல்) மருத்துவக் கல்லூரிகளில் கிளினிக்கல் சைக்காலஜி டிப்ளமா தேவையுள்ள எத்தனை உத்தியோகங்கள் உள்ளன;

(பி) M. Ed., D.S.S. என்ற தகுதிகள் மேற்படி டிப்ளமாவுக்கு சமமாக, நியமன காரியத்தில் அரசு அங்கீகரித்துள்ளதா;

(சி) இல்லையெனில் இது P. C. S. -ன் கவனத்திற்கு கொண்டுவரப்பட்டுள்ளதா;

(டி) மேற்படி Diploma-வுக்கு அட்மிஷன் கிடைக்க நிர்ணயித்துள்ள கல்வித்தகுதி M. A. (Psychology) என்பது அரசுடையதும், P. S. C. -னுடையதும் கவனத்திற்கு கொண்டுவரப்பட்டுள்ளதா?

ഉത്തരം

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ക്ലിനിക്കൽ സൈക്കോളജിയിൽ ഡിപ്ലോമ ആവശ്യമുള്ള ഒരു തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇപ്രകാരമുള്ള തസ്തിക ഇല്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) മെഡിക്കൽ ആൻഡ് സോഷ്യൽ സൈക്കോളജി (ക്ലിനിക്കൽ സൈക്കോളജി) ഡിപ്ലോമായ്ക്ക് പ്രവേശനം ലഭിക്കുന്നതിന് നിർണ്ണയിച്ചിട്ടുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എം. എ. സൈക്കോളജിയാണെന്ന കാര്യം ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. ഗവൺമെൻറ് ആ വിവരം പി.എസ്. സി.-യുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly